പ്ലാന്റുകളുടേയും പ്രിവന്റീവ് മെയിന്റനൻസുകളുടെ മേൽനോട്ടവും മെറ്റീരിയൽ പർച്ചേസും കാര്യക്ഷമമായി നടപ്പാക്കാൻ ഇതുവഴി സാധിക്കുന്നതാണ്.

4. ഇപ്പോൾ നിലവിലുള്ള പേപ്പർ ഫയൽ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ ഫയൽവഴി സൂക്ഷിക്കുവാനും വേണ്ട തീരുമാനങ്ങൾ വളരെ പെട്ടെന്ന് തന്നെ എടുക്കുവാനും സാധിക്കുന്നതാണ്.

5. അതോറിറ്റിയുമായി ബന്ധപ്പെട്ട കോടതി കേസ്സുകൾ കൈകാര്യം ചെയ്യുവാനും എല്ലാ ജീവനക്കാർക്കും ഇ മെയിൽ സംവിധാനവും ഇ.ആർ.പി.-യിലൂടെ സാധിക്കുന്നതാണ്.

ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്

128 (6833) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് 2012-13, 2013-14 വർഷങ്ങളിൽ കേന്ദ്രത്തിൽനിന്ന് പ്രോജക്ട് വിഹിതമായി എന്തുതുക ലഭിച്ചു ; അതിൽ സംസ്ഥാനവിഹിതം ഉൾപ്പെടെ എന്തുതുക ചെലവഴിച്ചു ;

(ബി) ഏതെല്ലാം പ്രോജക്ടുകൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചത് ; വിശദാംശം നൽകുമോ :

(സി) എസ്.ടി.എ.എൻ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ എത്രയെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിവരുന്നു ; അതിൽ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ) ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്വഴി (ഇപ്പോൾ NRDWP) ലഭിച്ച തുകയും ചെലവഴിച്ച തുകയും താഴെപ്പറയുന്നു :

ലഭിച്ച തുക (കോടിയിൽ)

വർഷം	കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ
2012-13	245.65	37.73
2013-14	201.93	60.00

ചെലവഴിച്ച തുക (കോടിയിൽ)

വർഷം	കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ	ആകെ
2012-13	186.58	43.35	229.93
20131-4	261.59	37.10	298.69

LIBRARY ARCHIVES Kerala Legislative Assembly

(ബി) എ.ആർ.ഡബ്ല്യു.എസ്.ആർ.-യിൽ ഉൾപ്പെടുത്തിയ വൻകിട പദ്ധതികൾക്കും എൻ.സി./ആർ.സി.-യിലെ ചെറുകിട പദ്ധതികൾക്കും സുസ്ഥിരമായ സ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും റൂറൽ സ്കൂളുകൾക്കും ടെക്നോളജി മിഷൻ പദ്ധതികൾക്കുംവേണ്ടി 2012-13 സാമ്പത്തിക വർഷത്തിൽ 140 പദ്ധതികൾക്കും 2013-14 സാമ്പത്തിക വർഷത്തിൽ 1/3 പദ്ധതികൾക്കും വേണ്ടിയാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്.

(സി) എസ്.ആർ.എ.എൻ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ശ്രീകൃഷ്ണപുരവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ കടമ്പഴിപുരം, ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ് പഞ്ചായത്തുകളും കരിമ്പുഴ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിനും ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

ജല അതോറിറ്റിയുടെ പ്രവർത്തനവും ജൈക്ക പദ്ധതിയും

129 (6834) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) പദ്ധതിയിൽ എത്ര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ; അവ ഏതെല്ലാം ; നിർദ്ദേശങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ അവസാന ഇനമായ ദൈനംദിന ഭരണം വേഗത്തിലാക്കാനായി ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിന് എത്രാമത്തെ മുൻഗണന നൽകിയെന്നും ഇതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) കമ്പ്യൂട്ടർവൽക്കരണം നടത്താനുള്ള സോഫ്റ്റ്വെയർ തയ്യാറാക്കാൻ എന്നാണ് അനുമതി നൽകിയത് എന്നും ഇതിനായി തെരഞ്ഞെടുത്ത സ്ഥാപനം ഏതാണെന്നും പ്രസ്തുത തെരഞ്ഞെടുപ്പിനു സ്വീകരിച്ച മാനദണ്ഡം എന്താണ് എന്നും ടെൻഡർ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുക്കുമ്പോൾ ഏതെല്ലാം സ്ഥാപനങ്ങൾ ടെൻഡർ നൽകിയിരുന്നുവെന്നും പ്രസ്തുത സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്ത തുക എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ഇ) പീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള മേൽനോട്ട സമിതി പ്രസ്തുത സോഫ്റ്റ്വെയർ ടെൻഡർ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായുള്ള അനുമതി ആരാണ് നൽകിയത് ; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly